മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 13

**വാർത്താക്കുറിപ്പ്**

---

*മന്ത്രി ഡോ.ആർ. ബിന്ദു നാളെ ഉദ്ഘാടനം ചെയ്യും*

## എല്ലാ വിദ്യാർഥികൾക്കും കായിക്ഷമത ഉറപ്പാക്കാൻ എം.ജി സർവകലാശലയിൽ കാമ്പസ് ഫിറ്റ്നസ് ഡ്രൈവ്

എല്ലാ വിദ്യാർഥികൾക്കും കായികക്ഷമത ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന കാമ്പസ് ഫിറ്റ്നസ് ഡ്രൈവിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാളെ(ഡിസംബർ 15) തുടക്കം കുറിക്കും. പാലാ സെൻറ് തോമസ് കോളജിൽ ഉച്ചകഴിഞ്ഞ് രണ്ടിന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു പദ്ധതി ഉദ്ഘാടനം ചെയ്യും.

മാണി സി. കാപ്പൻ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജോസ് കെ. മാണി എം.പി. മുഖ്യപ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ആമുഖ പ്രഭാഷണം നിർവഹിക്കും.

ജോബ് മൈക്കിൾ എം.എൽ.എ, സർവകലാശാലാ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, മുനിസിപ്പൽ ചെയർമാൻ ആൻറോ ജോസ് പടിഞ്ഞാറേക്കര, സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, സെൻറ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. ജെയിംസ് ജോൺ, സർവകലാശാലാ സെനറ്റ് അംഗം ജോജി അലക്സ്, സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ്, ഡോ. തങ്കച്ചൻ മാത്യു, ഡോ. വിനീത് കുമാർ തുടങ്ങിയവർ സംസാരിക്കും.

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എല്ലാ കോളജുകളിലും പദ്ധതി നടപ്പാക്കും. ഇതിൻറെ ഭാഗമായി വിദ്യാർഥികളിൽ കായികക്ഷമതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കും. സർവകലാശാലയിൽ നിന്ന് ബിരുദം നേടുന്ന എല്ലാ വിദ്യാർഥികളും കാമ്പസ് ഫിറ്റ്നസ് ഡ്രൈവിലൂടെ കടന്നുപോകുന്ന രീതിയിലാണ് ക്രമകീരണങ്ങൾ.

നാലു ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ബിരുദ കോഴ്സുകളിൽ ചേരുന്ന വിദ്യാർഥികളിൽ ശാസ്ത്രീയ പരിശോധന നടത്തി കായികക്ഷമത വിലയിരുത്തുന്നതോടെയാണ് തുടക്കം. ഇവരെ

നാലാം സെമസ്റ്റർ വരെ കായിക അവബോധ ക്ലാസുകളിലും സൈക്ലിംഗ്, യോഗ, മൈനർ ഗെയിമുകൾ തുടങ്ങിയവയിലും പങ്കെടുപ്പിക്കും.

നാലാം സെമസ്റ്ററിൽ വീണ്ടും പരിശോധന നടത്തി കായികക്ഷമതയിൽ മുന്നിട്ടു നിൽക്കുന്ന വിദ്യാർഥികൾക്ക് കോളജ് തലത്തിൽ അംഗീകാരം നൽകും. എല്ലാ ബിരുദ വിദ്യാർഥികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി സർവകലാശാലാ തലത്തിലും കോളജ് തലത്തിലും മോണിട്ടറിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും.

സർവകലാശാലാ തലത്തിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ചെയർമാനും സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ കൺവീനറുമായുള്ള കമ്മിറ്റിയാണ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സിൻഡിേക്കറ്റ് അംഗം ഡോ. ബിജു തോമസ് ജോയിൻറ് കൺവീനറും സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് ഡയറക്ടർ പ്രഫ. ബിനു ജോർജ് വർഗീസ് കോ-ഓർഡിനേറ്ററുമാണ്.

പ്രിൻസിപ്പൽ, ഫിസിക്കൽ എജ്യുക്കേഷൻ വകുപ്പ് മേധാവി, ഐ.ക്യു.എ.സി കോ ഓർഡിനേറ്റർ, കോളജ് യൂണിയന്റെ സ്റ്റാഫ് അഡൈ്വസർ, വിദ്യാർഥി പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതിയാണ് കോളജുകളിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

(പി.ആർ.ഒ./39/1736/2022)

## ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാമിന് തുടക്കമായി

മഹാത്മാഗാന്ധി സർവകലാശാല പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും സയൻസ് വിഷയങ്ങളിലെ അധ്യാപകർക്ക് ഡിസംബർ 12 മുതൽ 17 വരെ നടത്തുന്ന ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാമിന്റെ ഉദ്ഘാടനം പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. കോളേജ് ഡെവലപ്മെൻറ് കൗൺസിൽ ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ./39/1737/2022)

## എം.ജി സർവകലാശാലയിൽ നാടൻപാട്ട് കളരി തുടങ്ങുന്നു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാടൻ പാട്ട് കളരി പ്രവർത്തനമാരംഭിക്കുന്നു. സർവകലാശാലയ്ക്ക് സ്വന്തമായി വിദ്യാർഥികളുടെ നാടൻപാട്ട് സംഘം രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ട് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക്കും ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയനും സംയുക്തമായാണ് പരിശീലന പരിപാടിക്ക് തുടക്കം കുറിക്കുന്നത്.

ഇന്ന്(ഡിസംബർ 14) വൈകുന്നേരം 4.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ സെമിനാർ ഹാളിൽ പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരിവിന്ദകുമാർ കളരിയുടെ ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റ് അംഗം കെ.എം. സുധാകരൻ, ഐ.യു.സി.എസ്.എസ്.എം ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ്

യൂണിയൻ ജനറൽ സെക്രട്ടറി കെ. അൻഷിത് തുടങ്ങിയവർ സംസാരിക്കും. വൈകുന്നേരം 5.30 മുതൽ കോട്ടയം നഞ്ചുണി നാടൻ കലാവേദിയുടെ നാടൻപാട്ട് അവതരണം നടക്കും.

ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ മുഖേന തിരഞ്ഞെടുത്ത പത്തു വിദ്യാർഥികൾക്കാണ് നാടൻപാട്ടു കളരിയിൽ ആദ്യ ഘട്ടത്തിൽ ആഴ്ച്ചയിൽ ഒരിക്കൽ പരിശീലനം നൽകുക. ആറു മാസം കൊണ്ട് പരിശീലനം പൂർത്തിയാക്കി നാടൻ പാട്ട് സംഘത്തെ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ഡോ. ജയചന്ദ്രൻ പറഞ്ഞു.

(പി.ആർ.ഒ./39/1738/2022)

## ഷോർട്ട് ടേം പ്രോഗ്രാം

ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി.) നടത്തുന്ന ഡിപ്ലോമ പ്രോഗ്രാമുകളായ ബേക്കറി ആന്റ് കോൺഫെക്ഷനറി, ഫുഡ് ആന്റ് ബിവറേജ് സർവീസ് ഓപ്പറേഷൻസ്, ലോജിസ്റ്റിക്സ് - സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ പ്രോഗ്രാമുകളായ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ്, ഫുഡ് പ്രോസസിംഗ് ആന്റ് ക്വാളിറ്റി അഷ്വറൻസ് എന്നിവയ്ക്ക് അപേക്ഷ നൽകാം. പ്രായപരിധിയില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.dasp.mgu.ac.in)

(പി.ആർ.ഒ./39/1739/2022)

## പരീക്ഷകൾക്ക് അപേക്ഷ നൽകാം

2023 ജനുവരി നാലിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഐ.എം.സി.എ (2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ (2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 21 വരെ അപേക്ഷ നൽകാം. പിഴയോടെ ഡിസംബർ 22 നും സൂപ്പർ ഫൈനോടെ ഡിസംബർ 23 നും അപേക്ഷ സ്വീകരിക്കും.

ആദ്യ മെഴ്സി ചാൻസ് (2014 അഡ്മിഷൻ) വിദ്യാർഥികൾ 5515 രൂപ സ്പെഷ്യൽ ഫീസ് പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം.

.........................................

ജനുവരി 20 ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ മുതൽ സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി നാലു വരെ അപേക്ഷ നൽകാം.

പിഴയോടെ ജനുവരി അഞ്ചിനും സൂപ്പർ ഫൈനോടെ ജനുവരി ആറിനും അപേക്ഷ സ്വീകരിക്കും.

വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1740/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഇന്നു(ഡിസംബർ 14) മുതൽ അതതു കോളേജുകളിൽ നടത്തും.

.............................................

രണ്ടാം സെമസ്റ്റർ എം.എസ്.സി മോളിക്യുലാർ ബയോളജി ആൻറ് ജനറ്റിക് എൻജിനീയറിംഗ് (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 15 ന് അതത് കോളേജിൽ നടത്തും.

………………………………………..

രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്, 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഇന്ന് (ഡിസംബർ 14) മുതൽ അതത് കോളേജുകളിൽ നടത്തും.

ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1741/2022)

## പരീക്ഷാ ഫലം

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്, 2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെൻററി - സെപ്റ്റംബർ 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 27 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1742/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**